(ബി) ബിപിഎൽ വിഭാഗത്തിൽപ്പെട്ട 14,50,127 കുടുംബങ്ങൾക്കും എഎഎവൈ വിഭാഗത്തിൽപ്പെട്ട 5,92,627 കുടുംബങ്ങൾക്കും ഈ അരി വിതരണം ചെയ്തു വരുന്നു. പ്രസ്തുത നിരക്കിൽ ലഭിക്കുന്ന അരിക്ക് സബ്സിഡി നൽകി കിലോയ്ക്ക് 2.00 രൂപ നിരക്കിലാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്തു വരുന്നത്.

ഇതരവകുപ്പുകളുമായി ചേർന്ന് വിലക്കയറ്റം തടയാൻ നടപടി

121(1378) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇതര വകുപ്പുകളുമായി ചേർന്ന് വിലക്കയറ്റം തടയുന്നതിനായി സിവിൽസപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറ്റുകൾ പുതുതായി ആരംഭിച്ചു; പാലക്കാട് ജില്ലയിലും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലും ആരംഭിച്ചവയുടെ കണക്ക് വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എതെല്ലാം പ്രദേശങ്ങളിൽ ആണ് മാവേലി സ്റ്റോറുകൾ ആരംഭിച്ചത്?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു:

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ടബ്രഹ്മണപച്ചരി)-ക്ക് കിലോ ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. നാലു വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇതു സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

6. ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

8. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

9. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻകടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

10. എ.ആർ.ഡി. ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. മേൽപ്പറഞ്ഞ നടപടികൾ വഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12. പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലകുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വില്പന നടത്തി വരുന്നു.

13. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

14. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടാക്കേയാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതു വിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

16. 40 ലക്ഷം കാർഡുടമകൾക്ക് 2 രൂപാ നിരക്കിൽ ഭക്ഷ്യ ധാന്യം വിതരണം ചെയ്തു വരുന്നു.

17. എല്ലാ റേഷൻ കാർഡുടമകൾക്കും സബ്സിഡിയോടുകൂടിയ 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 3000 റേഷൻ കടകൾ തെരഞ്ഞെടുത്ത് പൊതുവിതരണ മേഖല ശക്തിപ്പെടുത്തി വരുന്നു.

ഇതു കൂടാതെ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്ന പ്രവണതയ്ക്ക് തടയിടുന്നതിനായി സിവിൽ സപ്ലൈസിലെ ഫീൽഡ് സ്റ്റാഫ് പൊതുവിപണിയിൽ നിന്നും നിരന്തര പരിശോധന നടത്തി വരുന്നു. കൂടാതെ റവന്യൂ, ലീഗൽ മെട്രോളജി, സിവിൽ സപ്ലൈസ്, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നിവ പൊതു വിപണിയിൽ നിരന്തര പരിശോധന നടത്തുകയും വിവിധ നിയന്ത്രണ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. പരിശോധനകളും റെയ്ഡുകളും കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിരന്തര പരിശോധനകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്ന് 2010 ഡിസംബർ മാസം വരെ 213325 പരിശോധനകളിൽ കൂടി 69 പേരെ അറസ്റ്റു ചെയ്യുകയും 25 പേരെ പ്രോസിക്യൂട്ട് ചെയ്യുകയും 13311 എൽ.പി.ജി. സിലിണ്ടർ 2124574 കി.ഗ്രാം അരി, 5593522 കി.ഗ്രാം ഗോതമ്പ്, 239282 ലിറ്റർ മണ്ണെണ്ണ എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പിടിച്ചെടുത്ത സാധനങ്ങളുടെ വിലയായി 177 ലക്ഷം രൂപ സർക്കാരിലേക്ക് ഈടാക്കിയിട്ടുണ്ട്.

(ബി) 122 മാവേലി സ്റ്റോറുകൾ ആരംഭിച്ചു.

പാലക്കാട് ജില്ലയിൽ-14

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ-3

LIBRARY ARCHIVES Kerala Legislative Assembly

(സി) ചളവറ- ചളവറ പഞ്ചായത്ത്
കൈലിയാട്- ചളവറ പഞ്ചായത്ത്

അമ്പലപ്പാറ- അമ്പലപ്പാറ പഞ്ചായത്ത്

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവാൻ നടപടി

122(1379) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ, ഒരു കുടുംബത്തിന് ദൈനംദിനം ആവശ്യമുള്ള എത്രയിനം സാധനങ്ങൾ കൂടി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ കഴിയേണ്ടതാണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) വലിയ സബ്സിഡി കൊടുത്തില്ലെങ്കിൽപ്പോലും, ഗുണമേന്മ നിലനിർത്തിക്കൊണ്ട് 25 ഇനം സാധനങ്ങൾ എങ്കിലും റേഷൻകടകൾ വഴി വിതരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ഒരു കുടുംബത്തിന്റെ ദൈനംദിന ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റുന്നതിനും കുറഞ്ഞത് 13 ഇനം ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി 3000 റേഷൻ കടകളിലായിരിക്കും നടപ്പിലാക്കുന്നത്. എല്ലാ റേഷൻ കടകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കാൻ 370 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

വിഷാംശം കലർന്ന ചെറുപയർ വിതരണം ചെയ്തവർക്കെതിരെ നടപടി

123(1380) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെറുപയറിൽ ടെട്രസൈൻ എന്ന മാരകമായ വിഷവസ്തു കലർത്തിയതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും, അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ആരോപണവിധേയരായ വിതരണക്കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും വിതരണക്കാരുടെ ലിസ്റ്റിൽ നിന്നും എന്നന്നേക്കുമായി ഒഴിവാക്കാൻ നടപടിയെടുക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly